# മെത്രാപ്പോലീത്തായുടെ കത്ത്



## (ജനുവരി 2017)

2016 ന്റെ വാതിൽ അടയുന്നു. 2017 ന്റെ വാതിൽ തുറക്കപ്പെടുന്നു. സംവൽസരങ്ങളുടെ വാതിലുകൾ അടയ്ക്കപ്പെടുകയും തുറക്കപ്പെടുകയും ചെയ്യും. എന്നാൽ നാം കടക്കേണ്ട മറ്റൊരു വാതിലുണ്ട്. അതാണ് പ്രതീക്ഷയുടെ വാതിൽ. അതാണ് സ്നേഹത്തിന്റെ വാതിൽ. ആ വാതിൽ ക്രിസ്തുവാണ്. യേശു പറഞ്ഞു – "ഞാൻ വാതിൽ ആകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷപെടും; അവൻ അകത്തു വരികയും പുറത്തു പോകയും മേച്ചൽ കണ്ടെത്തുകയും ചെയ്യും. (യോഹ. 10:9). നമുക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായ ജീവൻ ഉണ്ടാകുവാനുമായി നമ്മുടെ ഇടയിലേക്ക് കടന്നുവന്ന് നമുക്കു വേണ്ടി സ്വന്തം ജീവൻ നൽകി നമ്മെ വീണ്ടെടുത്ത ക്രിസ്തു എന്ന വാതിലിലൂടെ കടന്ന് പുതുവൽസരത്തിന്റെ അനുഭവങ്ങളിലേക്ക് പ്രവേശിക്കുവാൻ ദൈവം എല്ലാവരെയും ശക്തീകരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഒരു പുതിയ സംവൽസരത്തിന്റെ പടിവാതിൽക്കലെത്തി വിദൂരതയിലേക്കു നോക്കുമ്പോൾ കാലാവസ്ഥയുമായി ബന്ധപ്പെട്ട ആശങ്കാജനകമായ ഒരു അവസ്ഥാവിശേഷത്തെയാണ് നാം അഭിമുഖീകരിക്കുന്നതു എന്നു മനസ്സിലാക്കാൻ കഴിയും. കേരളത്തിൽ പകൽ അന്തരീക്ഷചൂട് 35°c നും 37°c നും ഇടയ്ക്കു നിൽക്കുന്നു. രാത്രിയിൽ അത് 19°c ലേക്ക് കുറയുന്നത് ആശ്വാസകരമെങ്കിലും പകൽച്ചൂടിന്റെ ഇപ്പോഴത്തെ അവസ്ഥ ആശങ്കാജനകം തന്നെയാണ്. കുടിവെള്ള ക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്നു. ആശുപത്രികളിലെയും വീടുകളിലെയും മാലിന്യങ്ങൾ നദീതടങ്ങളിൽ കൊണ്ടുവന്നു നിക്ഷേപിക്കുന്ന പലരുടെയും വിവേകരഹിതമായ പ്രവർത്തനങ്ങൾ മൂലം ഉള്ള നദീജലം കൂടി വിഷലിപ്തമായിത്തീർന്നുകൊണ്ടിരിക്കുന്നു എന്നതും ഒരു വാസ്തവമത്രെ. ഫ്ളാറ്റു സംസ്കാരത്തിന്റെ അനന്തരഫലമായിട്ടാണ് നദികളിലും റോഡുകളിലും മാലിന്യങ്ങൾ കൊണ്ടു നിക്ഷേപിക്കുന്ന സമീപനം നമ്മുടെ നാട്ടിൽ വളർന്നത്. ഫ്ളാറ്റുകളോടനുബന്ധിച്ച് മാലിന്യനിർമാർജ്ജനത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിൽ ശക്തമായ നിയമനിർമ്മാണ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായാൽ പരിസ്ഥിതി മലിനീകരണപ്രശ്നങ്ങളിൽ നിന്നും കുറെയെങ്കിലും കരകയറാൻ സാധിക്കുമെന്നു കരുതുന്നു.

കേരളരാഷ്ട്രീയം അനുദിനം കുഴഞ്ഞുമറിഞ്ഞുകൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ വലിയ പ്രതീക്ഷകളുടെ അടയാളമായി വൻ ഭൂരിപക്ഷത്തോടുകൂടി അധികാരത്തിലേറിയ ഒരു സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്. എന്നാൽ പ്രതീക്ഷയ്ക്കനുസരിച്ചുയരാൻ കഴിയണമെങ്കിൽ പുതുസംവൽസരത്തിലെങ്കിലും ഭരണ നിർവഹണസംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമവും ചലനാത്മകവുമാകേണ്ടതുണ്ട്.

വലിയൊരു മാറ്റം ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്രഗവൺമെന്റ് കൊണ്ടുവന്ന നോട്ടു പിൻവലിക്കലും അനുബന്ധനടപടികളും ലക്ഷ്യം കാണാതുഴലുന്ന അവസ്ഥയ്ക്കാണ് രാഷ്ട്രമിന്നു സാക്ഷ്യം വഹിക്കുന്നത്. നമ്മുടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയുടെ പ്രഖ്യാപിത ലക്ഷ്യമായ കള്ളപ്പണനിർമാർജ്ജന യത്നം അഭിനന്ദനീയം തന്നെയാണ്. എന്നാൽ ഇത്രമാത്രം നിർണ്ണായകമായ തീരുമാനം എടുക്കുമ്പോൾ അതിനോടനുബന്ധിച്ചു നടത്തേണ്ടിയിരുന്ന മുന്നൊരുക്കങ്ങളിൽ വന്ന പാളിച്ചകളാണ് ഇത്രത്തോളം പ്രശ്നങ്ങൾ സൃഷ്ടിച്ചത്. വിവേകശാലികളായ സാമ്പത്തിക വിദഗ്ധരുടെ ആലോചനകൾ ഇനിയെങ്കിലും സ്വീകരിച്ച് പ്രശ്നം കൂടുതൽ വഷളാക്കാതെ നോക്കുവാൻ പ്രധാനമന്ത്രി തന്നെ മുൻകൈയെടുക്കേണ്ടതാണ്.

സഭൈക്യപ്രസ്ഥാനങ്ങൾ ഇന്ന് ഐക്യത്തിന്റെ പാതയിലൂടെ പുതിയ കാൽവെയ്പുകൾ നടത്തി വരികയാണ്. പാശ്ചാത്യലോകത്തിൽ മാർട്ടിൻ ലൂഥർ നവീകരണത്തിന്റെ കാഹളം ഊതിയിട്ട് 500 വർഷം തികയുന്നതിനോടനുബന്ധിച്ച് ലൂഥറൻ സഭകളുടെ ആഭിമുഖ്യത്തിൽ നടന്ന വാർഷിക യോഗത്തിൽ കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ ഫ്രാൻസിസ് മാർപാപ്പാ പങ്കെടുത്തു എന്നത് ചരിത്രം തിരുത്തിക്കുറിച്ച സുപ്രധാനമായ ചരിത്രസംഭവം തന്നെയായിരുന്നു. നോഹയുടെ പ്രളയത്തിനു ശേഷം ഉണ്ടായ ഒരു വലിയ സംഭവമായി ഉൽപത്തി പുസ്തകം രേഖപ്പെടുത്തുന്നത് ഒറ്റക്കെട്ടായി നിന്ന് ഒരു ജനത സ്വർഗത്തോളം എത്തുന്ന ബാബേൽ ഗോപുരനിർമ്മാണത്തിൽ ഏർപ്പെട്ട സംഭവമാണ്. ഒരാൾ പറയുന്നത് മറ്റൊരാൾക്കു മനസ്സിലാക്കാൻ പറ്റാത്തവിധം ഭാഷ കലങ്ങിപ്പോയതുകൊണ്ട് ആ ഗോപുരനിർമ്മാണപദ്ധതി തകർന്നുപോയതായിട്ടാണ് ഉൽപത്തിപുസ്തകം 11–ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അപ്പൊസ്തലന്മാരുടെ പ്രവൃത്തികളുടെ പുസ്തകത്തിലേക്കു വരുമ്പോൾ സഭ എങ്ങനെയാണ് ഐക്യത്തിൽ വളർന്നതെന്നു വ്യക്തമാക്കിത്തരുന്നുണ്ട്. പെന്തെക്കോസ്തുനാളിൽ കർത്താവു വാഗ്ദാനം ചെയ്തിരുന്നതുപോലെ തന്നെ സഭ പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലായി. അന്നവിടെ കൂടിയിരുന്നവർ വിവിധ ദേശക്കാരായിരുന്നു, വിവിധ സംസ്കാരങ്ങളിൽ നിന്നു വന്നവരായിരുന്നു. വിവിധ ഭാഷക്കാരായിരുന്നു.എന്നാൽ അവർ ഓരോരുത്തരും അവരവരുടെ ഭാഷയിൽ സംസാരിച്ചത് കേട്ടുനിന്നവർക്ക് തങ്ങളുടേതായ ഭാഷയിൽ മനസ്സിലാക്കാൻ കഴിഞ്ഞു എന്നതാണ് നിർണ്ണായകമായ അനുഭവം. ബാബേൽ ഗോപുര നിർമ്മാണത്തിൽ നഷ്ടപ്പെട്ടുപോയ പരസ്പരവിശ്വാസവും ധാരണയും പെന്തെക്കോസ്തു നാളിൽ വീണ്ടെടുക്കുവാൻ പരിശുദ്ധാത്മ നിറവിൽ സഭയ്ക്കു കഴിഞ്ഞതായിട്ടാണ് നാം കാണുന്നത്. ഇങ്ങനെ ദൈവത്തിന്റെ പരിശുദ്ധാത്മാവിൽ ഐക്യപ്പെട്ടു വളരുന്നതാണ് ശരിയായ എക്യുമെനിസം. ഈ ഐക്യത്തിലാണ് സഭ അന്നു വളർന്നത്. ഈ ഐക്യം അന്നത്തെ സഭയുടെ സാക്ഷ്യം തന്നെയായിരുന്നു. സുവിശേഷവുമായി ശിഷ്യന്മാർ പലയിടങ്ങളിലേക്കായി കടന്നുപോയെങ്കിലും അവർ എല്ലാവരും അവരുടെ സാക്ഷ്യത്തിൽ ഒന്നായിത്തന്നെ നിന്നു. 1940 കളിൽ എബ്രഹാം മാർത്തോമ്മാ തിരുമേനിയുടെ നിരന്തരമായ പ്രാർത്ഥനാവിഷയമായിരുന്നു – "എന്റെ ദൈവമേ, എന്റെ ജനത്തെ ഒന്നു ചിതറിക്കേണമേ." ദൈവം ആ പ്രാർത്ഥന കേട്ടു. 1950 മുതൽ 70 വരെയുള്ള കാലഘട്ടത്തിൽ ഈ ചിതറിക്കൽ പ്രക്രിയ നടന്നു. നമ്മുടെ സഭാജനങ്ങൾ ലോകത്തിന്റെ പല ഭാഗങ്ങളിലേക്ക് ജോലിക്കായും മറ്റും യാത്രയായി. "എന്റെ ജനത്തെ ചിതറിക്കേണമേ" എന്നു ഏബ്രഹാം മാർത്തോമ്മാ തിരുമേനി പ്രാർത്ഥിച്ചത് ചിതറിപ്പോകുന്ന സഭാമക്കൾ ചെല്ലുന്ന ഇടങ്ങളിൽ

സുവിശേഷത്തിന്റെ സാക്ഷികളായിത്തീരുമല്ലോ എന്ന ദർശനത്തിലായിരുന്നു. ആ പ്രാർത്ഥന യാഥാർത്ഥ്യമായി. ഇന്നു ലോകത്തിന്റെ എല്ലായിടങ്ങളിലും മാർത്തോമ്മാ സഭാവിശ്വാസികളായിട്ടുള്ളവരെ കാണാൻ കഴിയും. ദക്ഷിണധ്രുവ മേഖലയിൽ ഒരു ദ്വീപിൽ താമസിക്കുന്ന ഒരു മാർത്തോമ്മാ കുടുംബമുണ്ട്. ഉത്തരധ്രുവമേഖലയിൽ 10 മാർത്തോമ്മാ കുടുംബങ്ങളുണ്ട്. ഈ കുടുംബങ്ങളെ വ്യക്തിപരമായിത്തന്നെ നമുക്കറിയാം. ഇങ്ങനെ ലോകത്തിന്റെ എല്ലായിടങ്ങളിലുമായി നമ്മുടെ സഭാമക്കൾ ചെന്നു ചേർന്ന് ക്രിസ്തീയ സാക്ഷ്യം നിർവഹിക്കുന്നു എന്നത് എത്രയോ ചാരിതാർത്ഥ്യജനകമായ ഒരനുഭവമാണ്. കേരളജനത തന്നെ ഇന്നു ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്നു.

നമ്മുടെ സഭയുടെ അഭിമാനമായ സത്ന ക്രിസ്തുകുല മിഷൻ സ്കൂൾ കൂടുതൽ ഉയർച്ചയുടെ പടവുകൾ കയറിക്കൊണ്ടിരിക്കുന്നു എന്നതിൽ നമുക്കെല്ലാം വളരെയധികം അഭിമാനമുണ്ട്. കേന്ദ്രഗവൺമെന്റിന്റെ മാനവവിഭവശേഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഗവേഷണ പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് പ്രോൽസാഹനം നൽകുന്നതിന്റെ ഭാഗമായി തക്കതായ പ്രോജക്ടുകൾ സമർപ്പിക്കുവാൻ അപേക്ഷ ക്ഷണിച്ചിരുന്നു. 13005 സ്കൂളുകൾ ഇന്ത്യയുടെ വിവിധ ഇടങ്ങളിൽ നിന്നായി അപേക്ഷ സമർപ്പിച്ചിരുന്നു. ഇക്കൂട്ടത്തിൽ മധ്യപ്രദേശിൽ നിന്ന് അപേക്ഷിച്ചിരുന്ന 1600 സ്കൂളുകളിൽ നിന്ന് 5 സ്കൂളുകൾ തിരഞ്ഞെടുക്കപ്പെട്ടതിൽ ഒന്ന് നമ്മുടെ ക്രിസ്തുകുലമിഷൻ സ്കൂളായിരുന്നു. ഈ സ്കൂളിലെ 3 കുട്ടികൾ പ്രോജക്ട് കോ-ഓർഡിനേറ്ററോടൊപ്പം പൂനായിൽ പോയി 'Nano Satellite' എന്ന പ്രോജക്ട് അവതരിപ്പിച്ചു. ഈ പ്രോജക്ടിന്റെ തുടർപ്രവർത്തനങ്ങൾക്കായി മാനവവിഭവശേഷി വകുപ്പ് 20 ലക്ഷം രൂപ ഒന്നാം ഘട്ടത്തിൽ അനുവദിക്കുകയുണ്ടായി. നമ്മുടെ സത്നാസ്കൂളിനു കൈവന്ന ഈ ബഹുമതിക്ക് സ്കൂൾ പ്രിൻസിപ്പാളിനെയും അദ്ധ്യാപകരെയും തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളെയും പ്രോഗ്രാം കോ-ഓർഡിനേറ്ററെയും പ്രത്യേകം അഭിനന്ദിക്കുന്നു.

തിരുവനന്തപുരം സെന്റ് തോമസ് സ്കൂളിന്റെ വജ്ര ജൂബിലിസമ്മേളനം 2017 ജനുവരി മാസം 6-ാം തീയതി ആദരണീയനായ കേരളഗവർണറുടെ അദ്ധ്യക്ഷതയിൽ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരികയാണ്. വളരെ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന ഈ സ്കൂൾ കാലം ചെയ്ത മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ തിരുമേനിയുടെ ഒരു വലിയ സ്വപ്നസാക്ഷാത്കാരമായിരുന്നു. യൂഹാനോൻ മാർത്തോമ്മാ തിരുമേനിയുടെ ദീർഘദർശനത്തിൽ നമ്മുടെ നന്ദൻകോട്ടുള്ള സീയോൻ ഹാളിൽ ആരംഭിച്ചതായ ഈ സ്കൂൾ ഇന്ന് ഒരു വിപുലമായ വിദ്യാഭ്യാസശൃംഖലയായിത്തന്നെ വളർന്നിരിക്കുന്നു എന്നതിൽ നമുക്കെല്ലാം ഏറെ അഭിമാനമുണ്ട്. ഈ സ്കൂളിന്റെ ആദ്യകാല പ്രവർത്തനങ്ങൾക്ക് ശ്രേഷ്ഠമായ നേതൃത്വം നൽകിയ പരേതനായ ഇലന്തൂർ പുത്തൻവീട്ടിൽ റവ. പി.കെ. കോശി അച്ചന്റെയും റിട്ടയേർഡ് ഗവൺമെന്റ് സെക്രട്ടറി മുളമൂട്ടിൽ സി.എ. ഏബ്രഹാമിന്റെയും സേവനങ്ങൾ ചിരസ്മരണീയമാണ്. സെന്റ് തോമസ് സ്കൂളിന്റെ ആദ്യകാല ഘട്ടങ്ങളിൽ വൈസ് പ്രസിഡണ്ടായും പിന്നീട് പ്രസിഡണ്ടായും നമുക്ക് പ്രവർത്തിക്കാൻ ദൈവം കൃപ ചെയ്തു. അഭിമാനത്തോടുകൂടി അറിവിന്റെ വെളിച്ചം കൊടുക്കുന്ന പ്രകാശഗോപുരമായി സെന്റ് തോമസ് സ്കൂൾ തുടർന്നും ഉത്തരോത്തരം വളരട്ടെ എന്നാശംസിക്കുന്നു.

സമൂഹത്തിന്റെ ആവശ്യങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് പ്രവർത്തിക്കുന്ന സഭയുടെ ദർശനത്തിന്റെ ഏറ്റവും ഉദാത്ത മാതൃകയായി പ്രവർത്തിക്കുന്ന ഒരു കേന്ദ്രമാണ് മുംബൈയിലുള്ള നവജീവൻ സെന്റർ. ചുവന്ന തെരുവുകളിൽ ഇരയാക്കപ്പെടാവുന്ന സാഹചര്യങ്ങളിൽ നിന്നും വിമോചിപ്പിക്കപ്പെട്ട കുട്ടികളാണ് ഈ കേന്ദ്രത്തിലുള്ളത്. പ്രധാനമായും നേഴ്സറി മുതൽ പ്ലസ് ടു വരെയുള്ള വിവിധ ക്ലാസ്സുകളിലായി പഠിക്കുന്നവരാണവർ. തുടർപഠനം നടത്തുന്ന മുന്നൂറോളം കുട്ടികളും അവിടെയുണ്ട്. ആ കുട്ടികളിൽ അധികം പേരും ഉന്നതമായ സ്കോർ (80% ൽ കൂടുതൽ) കരസ്ഥമാക്കുന്ന മിടുമിടുക്കരായ കുട്ടികളാണെന്നത് പ്രസ്താവ്യമാണ്. സമൂഹത്തിലെ ഉത്തമ പൗരന്മാരായി അവരെ വളർത്തിയെടുക്കുവാനാണ് ആ കേന്ദ്രം ശ്രമിക്കുന്നത്. ആ സ്ഥാപനത്തോടു ചേർന്ന് 'നവോദയ' എന്ന പേരിൽ ഇപ്പോൾ ഒരു സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മുംബൈയിൽ ഭക്ഷണാവശിഷ്ടങ്ങൾ കൊണ്ടു വന്നു നിക്ഷേപിക്കുന്ന ഇടങ്ങളിൽ നിന്നും ഭക്ഷണം തേടിക്കൊണ്ടിരുന്ന പാവപ്പെട്ട കുട്ടികളെ കണ്ടെത്തി പുനരധിവസിപ്പിക്കാനുള്ള ഒരു പ്രോജക്ടാണിത്. ഈ രണ്ടു പ്രസ്ഥാനങ്ങൾക്കും ഊർജ്ജസ്വലമായ നേതൃത്വം നൽകുന്ന ഡോ. ഗീവർഗ്ഗീസ് മാർ തിയഡോഷ്യസ് തിരുമേനിയുടെ ശുശ്രൂഷകൾ ഏറെ ശ്ലാഘനീയമാണ്.

സഭയുടെ ശ്രദ്ധതിരിയേണ്ട മറ്റൊരു പ്രധാന മേഖല -ഭിന്നവർഗ്ഗക്കാരുടെ പ്രശ്നങ്ങളാണ്. ഈ സമൂഹത്തിൽ ഏറ്റവും കൂടുതൽ അവഗണിക്കപ്പെടുന്ന ഒരു വിഭാഗമാണ് ഭിന്നവർഗ്ഗക്കാർ. സാധാരണയായി അവർക്കു മുന്നിലുള്ള വഴികൾ രണ്ടാണ്. ഒന്ന്, യാചകരായിത്തീരുക, യാചകരെക്കൊണ്ട് പണപ്പിരിവ് നടത്തുന്ന മാഫിയാകളുടെ കൈയിലാണ് ഫലത്തിൽ അവർ ചെന്നു ചേരുന്നത്. രണ്ട്, വ്യഭിചാര കേന്ദ്രങ്ങളിൽ ചെന്നുപെട്ട് ജീവിതം തന്നെ ഇല്ലാതാകുന്ന അവസ്ഥയിലേക്കു മാറുന്ന സ്ഥിതിവിശേഷം. എന്നാൽ ഭിന്നവർഗക്കാർക്കായി ഒരു പുനരധിവാസ ക്ഷേമകേന്ദ്രം നമുക്ക് ആരംഭിക്കാൻ കഴിഞ്ഞാൽ അവർക്ക് അതൊരു അഭയകേന്ദ്രമായിത്തീരുകയും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നമുക്കു കൊണ്ടുവരാൻ കഴിയുകയും ചെയ്യും. നമ്മുടെ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദി വർഷത്തിൽ ഒരു പ്രോജക്ടായി ഈ ദൗത്യം ഏറ്റെടുക്കാമെന്നു ആഗ്രഹിക്കുന്നു. ഈ പ്രോജക്ടിന്റെ വിശദാംശങ്ങൾ പഠിച്ച്, റിപ്പോർട്ടു സമർപ്പിക്കാൻ നമ്മുടെ ഒരു അച്ചനെ നിയോഗിച്ചിട്ടുണ്ട്. ഈ പ്രോജക്ട് സംബന്ധിച്ച് അഭിപ്രായങ്ങളും ആശയങ്ങളും നൽകാൻ താൽപര്യമുള്ളവർ The Administrator, Transgender Project, Poolatheen, Thiruvalla, Kerala എന്ന മേൽവിലാസത്തിൽ തപാൽ മാർഗ്ഗമായോ metropolitan@marthoma.in എന്ന ഇ-മെയിൽ അഡ്രസ്സിലോ അയയ്ക്കാവുന്നതാണ്.

നമ്മുടെ കറ്റാനം ആശുപത്രിയിൽ കാർഡിയോവാസ്കുലർ ഡിപ്പാർട്ടുമെന്റ് ആരംഭിക്കുവാനുള്ള സജ്ജീകരണങ്ങൾ പൂർത്തിയായി വരികയാണ്. ഈ ഡിപ്പാർട്ടുമെന്റിനു നേതൃത്വം നൽകുന്നത് ഡൽഹി സെന്റ് സ്റ്റീഫൻസ് ഹോസ്പിറ്റലിൽ കാർഡിയോളജിയുടെ HOD യും പിന്നീട് D.Y. പാട്ടീൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലറും കാർഡിയോളജി മേധാവിയുമായിരുന്ന ഡോ. ജെയിംസ് തോമസാണ്. ഈ ഡിപ്പാർട്ടുമെന്റിൽ നിർദ്ധനരായ രോഗികളുടെ ചികിത്സയ്ക്ക് നിശ്ചയമായും മുൻഗണന നൽകുന്നതാണ്. ഈ ചികിത്സയ്ക്കുള്ള വർദ്ധിച്ച ചെലവ് പരിഗണിക്കുമ്പോൾ പൂർണ്ണമായും സൗജന്യ ചികിത്സ നൽകുക പ്രയാസമാണ്. എങ്കിൽപ്പോലും സുമനസുകൾ സ്പോൺസർ ചെയ്യുകയാണെങ്കിൽ അതിന്റെ പ്രയോജനം നിർദ്ധനരായ രോഗികൾക്കു ലഭിക്കുകയും ചെയ്യും. സുമനസുകളുടെ സഹകരണം ഇക്കാര്യത്തിൽ പ്രതീക്ഷിക്കുന്നു. ഒരുകോടിയിലധികം രൂപാ ഈ ഡിപ്പാർട്ടുമെന്റിന്റെ സജ്ജീകരണത്തിനായി നൽകിയ കുവൈറ്റ് സിറ്റി പാരീഷിന്റെ സഹകരണം അഭിനന്ദനാർഹമാണ്.

നമ്മുടെ സഭയിൽ നാലു എപ്പിസ്കോപ്പാമാരെ കൂടി

തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു സഭാപ്രതിനിധി മണ്ഡലം ബോർഡിനെ തിരഞ്ഞെടുത്ത് ചുമതലകൾ ഏൽപിച്ചുകൊണ്ട് നിയോഗിച്ചതിനനുസരിച്ച് സഭാകൗൺസിലിന്റെ ആലോചനയോടുകൂടി 25 അംഗങ്ങളുള്ള ഈ ബോർഡ് യോഗം ചേർന്ന് ഏകകണ്ഠമായി നാലുപേരുകൾ നിയമാനുസരണമുള്ള നടപടികളുടെ ഭാഗമായി കണ്ടെത്തുകയും ആ നാലുപേരെ വെല്ലൂർ മെഡിക്കൽ കോളേജിൽ മെഡിക്കൽ പരിശോധനയ്ക്കായി അയയ്ക്കുകയും ചെയ്തു. എല്ലാവരും Medically Fit ആണെന്ന സർട്ടിഫിക്കറ്റ് ലഭിച്ചിരുന്നു എങ്കിലും വേണ്ട എല്ലാ പരിശോധനകളും നടന്നിരുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടതിന്റെ വെളിച്ചത്തിൽ ബോർഡിന്റെ തീരുമാനപ്രകാരം നാലുപേരെയും വിദഗ്ദ്ധ പരിശോധനയ്ക്കായി കിംസ് ഹോസ്പിറ്റലിലേക്ക് അയയ്ക്കുകയുണ്ടായി. കിംസ് ഹോസ്പിറ്റലിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ വിദഗ്ദ്ധ സമിതി വിലയിരുത്തുകയും നാലുപേരുടെയും ആരോഗ്യം തൃപ്തികരമെന്നു കണ്ടതിന്റെ വെളിച്ചത്തിൽ ബോർഡിന്റെ നിർദ്ദേശം ഡിസംബർ 14-ാം തീയതിയിൽ നടന്ന സഭാ കൗൺസിലിൽ അറിയിക്കുകയും ചെയ്തു. സഭാകൗൺസിലിന്റെ നിയോഗപ്രകാരം ഈ നാലുപേരെയും കുറിച്ച് ആക്ഷേപങ്ങളുണ്ടെങ്കിൽ അറിയിക്കുന്നതിനായി സഭാജനങ്ങൾക്കായുള്ള കൽപന പുറപ്പെടുവിക്കുകയും ചെയ്തു. ഇന്നുവരെ നടന്ന നടപടിക്രമങ്ങളിലൂടെ ഏകാഭിപ്രായമായി ഒരു തീരുമാനമെടുത്തശേഷം ചില അപസ്വരങ്ങൾ സോഷ്യൽ മീഡിയായിലൂടെ ചിലർ പ്രചരിപ്പിക്കുന്നു എന്നത് വളരെ ഖേദകരമായ കാര്യമാണ്. ഇത്തരം പ്രവണതകൾ ഒരിക്കലും സഭയ്ക്കോ ആർക്കെങ്കിലുമോ ഗുണകരമായിത്തീരുകയില്ല എന്നോർക്കണം. ബോർഡ് ഏകാഭിപ്രായമായി തീരുമാനമെടുത്തതിനു ശേഷം ചിലർ തങ്ങളുടെ രാജി അറിയിച്ചിട്ടുണ്ട് എന്നതും അറിയിച്ചുകൊള്ളുന്നു. എപ്പിസ്കോപ്പൽ തിരഞ്ഞെടുപ്പ് സുഗമമായി നടക്കുന്നതിനും സഭയ്ക്ക് അനുഗ്രഹമായിത്തീരുന്നതിനുമായി എല്ലാ സഭാമക്കളും മുട്ടിപ്പായി പ്രാർത്ഥിക്കണമെന്നു താല്പര്യപ്പെടുന്നു.

നമ്മുടെ കോട്ടയം വൈദിക സെമിനാരി അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് ഒരു ടെലിഫിലിം ഭാവനാത്മകമായി രൂപപ്പെടുത്തുകയുണ്ടായി. 'പിറവിക്കു മുൻപേ' എന്നാണ് ഈ ടെലിഫിലിമിന് പേരു നൽകിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച ഏവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

കാലം ചെയ്ത ഡോ. മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ തിരുമേനിയുടെ സഹോദരപുത്രനും നമ്മുടെ സഭയിലെ ഒരു സീനിയർ വൈദികനുമായിരുന്ന റവ. ജോസഫ് ചാക്കോ കുരുടാമണ്ണിൽ (86) അട്ടപ്പാടിയിൽ ആനക്കട്ടി എന്ന സ്ഥലത്തു വച്ച് നിര്യാതനായി. വിവിധ നിലകളിലുള്ള അച്ചന്റെ സേവനങ്ങൾ പ്രശംസനീയമായിരുന്നു. ശവസംസ്കാരം ഡിസംബർ 26-ാം തീയതി അയിരൂർ ശാലേം മാർത്തോമ്മാ പള്ളിയിൽ വച്ച് നടന്നു. സഹധർമ്മിണി ഡോ. മേരി ചാക്കോ വിവിധ ആശുപത്രികളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അച്ചന്റെ വേർപാടിൽ ദുഃഖത്തിലായിരിക്കുന്ന കുടുംബത്തിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുന്നു.

'സമൂഹത്തിന്റെ സാക്ഷികൾ' എന്ന ചിന്തയോടുകൂടിയാണ് ജനുവരി മാസത്തിലെ ധ്യാനങ്ങളിലേക്കു നാം പ്രവേശിക്കുന്നത്. ബാഹ്യകേരള മിഷൻ ദിനമായി നാം ആചരിക്കുന്ന ഞായറാഴ്ച കൂടിയാണിത്. ജനുവരി 6 വെള്ളിയാഴ്ച ദനഹാ പെരുന്നാളാണ്. നമ്മുടെ കർത്താവ് യോഹന്നാനിൽ നിന്നും ഏറ്റ സ്നാനത്തെക്കുറിച്ചാണ് അന്നു ധ്യാനിക്കുന്നത്. യേശു ഏറ്റത് മാനസാന്തര സ്നാനമല്ല എന്നു നാം ഓർക്കണം. തന്റെ പരസ്യ ശുശ്രൂഷയ്ക്കു മുമ്പായുള്ള ഒരുക്കത്തിന്റെ ഭാഗമായി തന്നെത്തന്നെ പിതാവിന്റെ ഹിതത്തിനു മുമ്പിൽ സമർപ്പിക്കുന്നതിന്റെ അടയാളമായിരുന്നു അത്. ജനുവരി 8 ഞായർ വി. സ്തേഫാനോസിന്റെ നാൾ നാം ആചരിക്കുന്നു. 'ശരീരം ആദരിക്കപ്പെടേണ്ട ദൈവീക മന്ദിരം' എന്നതാണ് അന്നത്തെ ചിന്താവിഷയം. ലഹരിവിരുദ്ധ ദിനമായി നാം അന്ന് വേർതിരിച്ചിരിക്കുന്നു. ഓരോ വ്യക്തിയും ദൈവത്തിന്റെ മന്ദിരമാണ്. ആ ദൈവിക മന്ദിരത്തെ അശുദ്ധമാക്കുന്ന ലഹരിക്കെതിരായാണ് നാം പോരാടുന്നത്. 'ദൈവത്തിനു പ്രസാദകരമായ ഭക്തി'യെക്കുറിച്ചാണ് ജനുവരി 15 ഞായറാഴ്ച നാം ധ്യാനിക്കുന്നത്. എന്താണ് യഥാർത്ഥ ഭക്തി? മീഖാ പ്രവാചകനിലൂടെ ദൈവം അരുളി ചെയ്യുന്നു -"നല്ലത് എന്തെന്ന് അവൻ നിനക്കു കാണിച്ചുതന്നിരിക്കുന്നു. ന്യായം പ്രവർത്തിപ്പാനും ദയാതൽപരരായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്" (മീഖാ: 6:8). ജനുവരി 22 ഞായർ എക്യുമെനിക്കൽ ഞായറാണ്. ഐക്യത്തിനായി വിളിക്കപ്പെട്ടവരുടെ കൂട്ടമാണ് സഭ. ഐക്യത്തെക്കുറിച്ചുള്ള സഭയുടെ ദർശനങ്ങളിൽ കാലാകാലങ്ങളിൽ വ്യക്തമായ ദർശന വിപുലീകരണം നടന്നിട്ടുണ്ട്. ആദ്യകാലങ്ങളിൽ സമാന ചിന്താഗതിക്കാരായ സഭകളുടെ ഐക്യം എന്നതായിരുന്നു സഭകളുടെ സ്വപ്നം. പിന്നീടത് എല്ലാ സഭകളുടെയും ഐക്യം എന്ന ദർശനത്തിലേക്കു വളർന്നു. 21-ാം നൂറ്റാണ്ട് ആയപ്പോഴേക്കും ലോകത്തിലുള്ള സകല മതവിശ്വാസങ്ങളെയും ഉൾക്കൊണ്ടു വളരുന്ന മാനവികതയുടെ ദർശനമായി അതു വളർന്നു. ഇപ്പോൾ സഭകൾ ഏറ്റെടുത്തിരിക്കുന്നത് Theo centric Ecumenical Vision ആണ്. അങ്ങനെ സർവ്വസൃഷ്ടികളെയും ഉൾക്കൊള്ളുന്ന വിശാലമായ ഐക്യത്തിലേക്കും മാനവികതയിലേക്കും വളരുവാൻ ഐക്യ ദർശനം നമ്മെ സഹായിക്കട്ടെ. ജനുവരി 26 ഭാരതത്തിന്റെ റിപ്പബ്ലിക് ദിനമാണ്. രാഷ്ട്രനിർമ്മിതിയിൽ ക്രൈസ്തവ സഭകൾക്കു വലിയ ഉത്തരവാദിത്വമുണ്ട്. ജനുവരി 29 ഞായർ 'രക്ഷയുടെ ദൈവത്തിന് സ്തുതി പാടുക' എന്ന ചിന്താവിഷയമാണ് ധ്യാനവിഷയമായി തിരഞ്ഞെടുത്തിരിക്കുന്നത്. രക്ഷകനായ യേശു ഉദയം ചെയ്തത് നമ്മെ രക്ഷിപ്പാൻ വേണ്ടിയാണ്. കർത്താവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട നമ്മുടെ ജീവിതം തന്നെ രക്ഷയുടെ ദൈവത്തിനു സ്തുതി പാടുന്ന അനുഭവമായിത്തീരണം. നമുക്കു ഐക്യത്തോടുകൂടി ദൈവത്തെ സ്തുതിക്കാം. വിഭാഗീയതകൾ മറന്നു ഒന്നിക്കാം.

"ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതിൽ യെഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല; ആണും പെണ്ണും എന്നുമില്ല നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രെ" (ഗലാത്യർ. 3:27, 28).

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

പുലാത്തീൻ,
27-12-2016

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**